പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4158 12.11.2019 ലെ മറുപടിക്ക്

## കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗസാദ്ധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ ഭൂവസ്ത്രം പദ്ധതി വ്യാപകമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) കയർ കേരള - 2017-നോടനുബന്ധിച്ച് എം.ജി.എൻ.ആർ.ഇ.ജി.എസ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുമായി ചേർന്ന് വിവിധ ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും ക്ഷണിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 120 കോടി രൂപയുടെ കയർ ഭൂവസ്ത്രം തൊഴിലുറപ്പ് പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മണ്ണ്, ജലസംരക്ഷണ റോഡു നിർമ്മാണ പ്രവർത്തനങ്ങളിൽ വിനിയോഗിക്കുന്നതിന് ധാരണാപത്രം ഒപ്പ വയ്ക്കുകയുണ്ടായി.<br><br>ഇപ്രകാരം ലഭിച്ച ഓർഡറുകളിൽ നിന്ന് കയർ കോർപ്പറേഷൻ കയർഫെഡ്, ഫോം മാറ്റിംഗ്സ് എന്നിവയിലൂടെ 43 കോടി രൂപയുടെ 65,11,060 സ്ക്വ.മീറ്റർ കയർ ഭൂവസ്ത്രം നാളിതുവരെ 14 ജില്ലകളിലായി വിതരണം നടത്തിയിട്ടുള്ളതുമാണ്. ഇതിനു മുന്നോടിയായി കയർ ഭൂവസ്ത്രം സംബന്ധിച്ച് പഞ്ചായത്തിലെ ജീവനക്കാർക്കും തൊഴിലുറപ്പ് തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിനായി എൻ.സി.ആർ.എം.ഐയുടെയും കയർഫെഡിന്റെയും നേതൃത്വത്തിൽ ആലപ്പുഴയിൽ ജിയോ ടെക്സ്റ്റയിൽസ് സ്കൂൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ തൊഴിലാളികൾക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നുണ്ട്.<br><br>കയർഭൂവസ്ത്രം പി.ഡബ്ല്യു.ഡി മാന്വലിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തെ റോഡു നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് സാധ്യമാകും. ഈ വർഷത്തെ കയർ കേരള - 2019 മായി ബന്ധപ്പെട്ട് 100 കോടി രൂപയുടെ |

| | |
|---|---|
| | കയർഭൂവസ്ത്രപദ്ധതികളുടെ എം.ഒ.യു ഒപ്പു വയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും പ്രാഥമികമായി കയർഭൂവസ്ത്ര സെമിനാറുകൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചുവരികയാണ്. 7/12/2019 ൽ കയർ കേരളയിലെ ഒരു ദിവസത്തെ സെമിനാർ കയർഭൂവസ്ത്ര പദ്ധതിയെ സംബന്ധിച്ചാണ്. അന്നേ ദിവസം തന്നെ ധാരണാപത്രം ഒപ്പുവയ്ക്കലും നടക്കുന്നതാണ്. |
| ബി) ഈ പദ്ധതിയുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | ബി) കേരളത്തിലെ എല്ലാ ജില്ലകളിലും കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ജന പ്രതിനിധികളേയും ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് ശിൽപശാലകൾ സംഘടിപ്പിക്കുകയും ഭൂവസ്ത്ര വിതാനത്തിന് ആവശ്യമായ സാങ്കേതിക സഹായവും പരിശീലനവും കയർ കോർപ്പറേഷൻ മുഖേന നൽകി വരികയും ചെയ്യുന്നു. ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് താലൂക്ക് അടിസ്ഥാനത്തിലും ജില്ലാ അടിസ്ഥാനത്തിലും കയർ വകുപ്പിന്റെ സഹകരണത്തോട് കൂടി വർക്ക്ഷോപ്പുകളും ട്രെയിനിംഗുകളും വിദഗ്ധൻമാരുടെ സഹായത്തോട് കൂടി ഫോമിൽ മുഖേന നടത്തി വരുന്നുണ്ട്. കയർഫെഡ് വഴി മാതൃകാ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സെമിനാറുകൾ, യോഗങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. ആയത് വഴി കയർ ഭൂവസ്ത്രം പദ്ധതിയുടെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുവാൻ സാധിക്കുന്നുണ്ട്. |
| സി) കയർ ഭൂവസ്ത്രം നിലവിൽ എന്തിനെല്ലാമാണ് ഉപയോഗിക്കുന്നത് എന്ന് വിശദമാക്കാമോ? | സി) മണ്ണ് സംരക്ഷണം, കുളങ്ങളുടെയും തോടുകളുടെയും പാർശ്വഭിത്തി സംരക്ഷണം, മൺകയ്യാല നിർമ്മാണം, റോഡുകളുടെ നിർമ്മാണം, പാടശേഖരങ്ങളുടെ ബണ്ട് സംരക്ഷണം, തീരസംരക്ഷണം, നീർച്ചാലുകളുടെ സംരക്ഷണം, ജലാശയങ്ങളുടെയും മൈനുകളുടെയും സംരക്ഷണം, റെയിൽവേ ട്രാക്കുകളുടെ ചരിവുകളുടെ സംരക്ഷണം എന്നിവയ്ക്കാണ് കയർ ഭൂവസ്ത്രം പ്രധാനമായും ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ